വ്യവസ്ഥകൾക്ക് അനുസൃതമായും ആവശ്യമെങ്കിൽ കരാർ റദ്ദ് ചെയ്ത് പുനഃക്രമീകരണം നടത്തിയും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

മുല്ലപ്പെരിയാർ പ്രശ്നപരിഹാരത്തിന് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി

12 (*72) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ പ്രശ്നപരിഹാരത്തിന് സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി മുമ്പാകെ കേരളത്തിന്റെ വാദങ്ങൾക്ക് ആധാരമായ തെളിവുകൾ ഹാജരാക്കിയിട്ടുണ്ടോ ;

(ബി) ഡാമിന്റെ ബലക്ഷയം സംബന്ധിച്ച ഏതെല്ലാം പഠന റിപ്പോർട്ടുകളും രേഖകളുമാണ് കേരളം സമർപ്പിച്ചിട്ടുള്ളത്.

(സി) ഉന്നതാധികാര സമിതിയുടെ സന്ദർശനത്തിന് മുമ്പ് ഡാമിന്റെ കേടുപാടുകൾ വ്യക്തമാകാത്തതരത്തിൽ അറ്റകുറ്റപ്പണികളും പെയിന്റിംഗും നടത്തിയ തമിഴ്നാടിന്റെ നടപടി ഉന്നതാധികാര സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) മുല്ലപ്പെരിയാർ പുതിയ ഡാം നിർമ്മിക്കാനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ) ഉണ്ട്

(ബി) നിലവിലുള്ള മുല്ലപ്പെരിയാർ ഡാമിന്റെ ബലക്ഷയം സംബന്ധിച്ച് ഡൽഹി, ഐ.ഐ.റ്റി നടത്തിയിട്ടുള്ള പഠന റിപ്പോർട്ടും റൂർക്കി ഐ.ഐ.റ്റി നടത്തിയ സെസ്മിക് Stability analysis of Mullaperiyar Dam - Part I, Seismic Hazard Analysis ഉം സുപ്രീകോടതി മുമ്പാകെ കേരളം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ രണ്ടാംഭാഗം ഫയലിൽ സ്വീകരിക്കുന്നതിന് കേരളം ബഹുമാനപ്പെട്ട. എംപവേർഡ് കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 2000 ലെ എക്സ്പർട്ട് കമ്മിറ്റി, ഡാം സുരക്ഷിതമാണെന്ന് വിലയിരുത്തുവാൻ അവലംബിച്ചിട്ടുള്ള assumption-ൽ പലതും ശരിയായിട്ടുള്ളവയായിരുന്നില്ല എന്ന് കേരളം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഡാമിൽനിന്നും ലീച്ചു ചെയ്യുന്ന ലൈമിന്റെ അളവിനെ സംബന്ധിച്ചും, ഡാം നിർമ്മിതിക്ക് ഉപയോഗിച്ചിരിക്കുന്ന വസ്തുക്കളുടെ പഴക്കംമൂലം ഉണ്ടായിട്ടുള്ള ബലക്ഷയത്തെ സംബന്ധിച്ചുള്ള രേഖകളും കേരളം സമർപ്പിച്ചിട്ടുണ്ട്. അമേരിക്ക, ചൈന ഇന്ത്യ എന്നീ രാജ്യങ്ങളിൽ മുമ്പ് സംഭവിച്ചിട്ടുള്ള ഡാം ഫെയിലുവർ സംബന്ധിച്ചുള്ള exhibits ഉം കേരളം കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്

(ഡി) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണത്തിന് ആവശ്യമായ സർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വെ ചെയ്ത് പുതിയ ഡാമിനുവേണ്ടിയുള്ള അലൈൻമെന്റ് കണ്ടെത്തുകയും അതിൽ 5 ബോർഹോൾ എടുത്ത് സാമ്പിൾ പരിശോധിക്കുകയും ചെയ്തു. പ്രസ്തുത വിവരങ്ങൾകൊണ്ട് പുതിയ ഡാമിന്റെ രൂപകല്പന ചെയ്തു. ഈ വിവരങ്ങൾ ചേർത്ത കരട് ഡി.പി.ആർ, ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ തയ്യാറാക്കി. തയ്യാറാക്കിയ കരട് DPR-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി സാങ്കേതികമായി കുറ്റമറ്റ വിധത്തിൽ 2011 മേയ് മാസത്തിൽ അന്തിമ DPR-തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗിച്ചു വരുന്നു ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ പഠനത്തിന് ആവശ്യമായ 10 അധിക ബോർ ഹോളിന്റെ പണി ഏകദേശം പൂർത്തിയായിക്കഴിഞ്ഞു.

കെ.എസ്.ടി.പി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം

13 (*73) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുവികസനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന കെ. എസ്. ടി. പി. പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ സാങ്കേതിക തടസ്സങ്ങളാണുള്ളത് എന്നറിയിക്കുമോ ;

(ബി) രണ്ടാംഘട്ട പദ്ധതിയിൽ നടപ്പിലാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) പുതുക്കിയ പദ്ധതിയനുസരിച്ച് രണ്ടാം ഘട്ടം എന്ന് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സമയബന്ധിതമായി രണ്ടാംഘട്ട പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തതുകൊണ്ട് ഇതിന്റെ അടങ്കൽ തുകയിൽ എന്തു വർദ്ധനവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത് ;

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) കെ.എസ്.ഡി.പി രണ്ടാംഘട്ടം ആരംഭിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly